# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1288 20/03/2012 ൽ മറുപടിയ്ക്ക്

### മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനം

ചോദ്യം
ശ്രീ. എ. കെ. ബാലൻ

മറുപടി
ശ്രീ. എ.പി. അനിൽകുമാർ
(പട്ടിക ജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ (എം.ആർ.എസ്) നിർമ്മാണത്തിനായി കഴിഞ്ഞ ബജറ്റിൽ എത്ര രൂപ വകകൊള്ളിച്ചിരുന്നു; ഇതിൽ എത്ര സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു; 2012 ഫെബ്രുവരി 29 വരെ ഓരോ എം.ആർ.എസ്. നിർമ്മാണത്തിനും എത്ര രൂപാ വീതം ചെലവഴിച്ചിട്ടുണ്ട്; | (എ) | 2011-12 സാമ്പത്തികവർഷം പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിർമ്മാണത്തിനായി 8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കുഴൽമന്ദം മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കുഴൽമന്ദം മോഡൽ റസിഡൻഷ്യൽ സ്കൂളിനായി 03.03.2012 ലെ G.O. (Rt) No. 1914/12/Fin പ്രകാരം 96,25,679 രൂപയും, 9/3/2012 ലെ G.O. (Rt) No. 2058/12/Fin പ്രകാരം 2,23,45,905 രൂപയും ഉൾപ്പെടെ ആകെ 3,19,71,584 രൂപയുടെ ലെറ്റർ ഓഫ് ക്രഡിറ്റ് അനുവദിക്കുകയും TSB അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിർമ്മാണത്തിനായി 2011-12 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 4225-02-277-51 Capital Outlay, 4225-02-277-79 (എം.ആർ.എസ്. ഇടുക്കി), 4225-02-277-87 (എം.ആർ.എസ്. പൂക്കോട്), 4225-02-277-77 (ഞാറനീലി) എന്നീ ശീർഷകങ്ങളിൽ 2608.42 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ നിർമ്മാണ പ്രവൃത്തികൾക്കായി 80.36 ലക്ഷം രൂപ 2012 ഫെബ്രുവരി വരെ ചിലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ വയനാട് ജില്ലയിലെ കണിയാമ്പറ്റ, പാലക്കാട് ജില്ലയിലെ മലമ്പുഴ, കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ, കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ എന്നിവിടങ്ങളിൽ എം.ആർ.എസ്-കളുടെ നിർമ്മാണ പ്രവൃത്തികൾ കിറ്റ്കോ മുഖേന നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | എം.ആർ.എസ്.-ന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ സ്കൂളിന്റെയും നിർമ്മാണം ഏതു ഘട്ടം വരെയായി; | (ബി) | ഉണ്ട്.<br><br>**<u>പട്ടികജാതി വികസന വകുപ്പ്.</u>**<br><br><u>കുഴൽ മന്ദം, എം.ആർ.എസ് - പാലക്കാട്</u><br>കുഴൽ മന്ദം എം.ആർ.എസ് - ന്റെ നിർമ്മാണ നടപടികൾ 39.07% പൂർത്തീകരിച്ചിട്ടുണ്ട്.<br><br><u>തൃത്താല, എം.ആർ.എസ് - പാലക്കാട്</u><br>തൃത്താല എം.ആർ.എസിൽ പെൺകുട്ടികൾക്കായുള്ള ഹയർ സെക്കണ്ടറി സ്കൂളിന്റെ ഹോസ്റ്റൽ നിർമ്മാണം കൂടി ശേഷിക്കുന്നുണ്ട്.<br><br><u>പീരുമേട്, എം.ആർ.എസ്. ഇടുക്കി</u><br>സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് ടെണ്ടർ ഉറപ്പിച്ചു. എഗ്രിമെന്റ് വച്ചിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണം 70% പൂർത്തിയായി.<br><br><u>വടക്കാഞ്ചേരി, എം.ആർ.എസ് - തൃശ്ശൂർ</u><br>4225-01-277-93 (P) ശീർഷകത്തിൽ എച്ച്.എസ്. എസിന്റെ ബാക്കി പ്രവൃത്തി പുരോഗമിച്ചുവരുന്നു.<br><br>19.01.2002 ലെ G.O. (Rt) No. 54/02/ പജപവവിവ പ്രകാരം അനുവദിച്ച 593 ലക്ഷം രൂപയ്ക്ക് പുറമേ 24,75,542 രൂപ കൂടി ചെലവായതായും പ്രസ്തുത തുക കൂടി അനുവദിച്ചുതരണമെന്നും ആവശ്യപ്പെട്ടു കൊണ്ടുള്ള പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ പരിശോധിച്ച വരുന്നു.<br><br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br><u>കണിയാമ്പറ്റ, എം.ആർ.എസ്.</u><br><br>കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി. അവസാന മിനുക്കുപണികൾ പൂർത്തിയായി വരുന്നു. ടി നിർമ്മാണ പ്രവൃത്തികൾക്കായി നാളിതുവരെ 7,41,89,001/- രൂപ ചിലവിഴിച്ചിട്ടുണ്ട്.<br><br><u>മലമ്പുഴ, എം.ആർ.എസ്.</u><br>പണി പൂർത്തിയായി 13.09.11 ൽ ഉദ്ഘാടനം നടത്തുകയുണ്ടായി. ടി നിർമ്മാണ പ്രവൃത്തികൾക്കായി നാളിതുവരെ 5,33,79,238/- രൂപ ചിലവഴിച്ചിട്ടുണ്ട്.<br><br><u>ഏറ്റുമാനൂർ, എം.ആർ.എസ്.</u><br>സ്കൂൾ, കാന്റീൻ ബിൽഡിംഗുകൾ പൂർത്തിയായി. ഹോസ്റ്റൽ കെട്ടിടത്തിന്റെ പ്രവൃത്തികൾക്കുള്ള പുതുക്കിയ ഭരണാനുമതി 09.03.2012 ലെ 402/12/പജപവവിവ സർക്കാർ ഉത്തരവ് പ്രകാരം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ടി നിർമ്മാണ പ്രവൃത്തികൾക്കായി നാളിതുവരെ 3,28,00,000/- രൂപ ചിലവഴിച്ചിട്ടുണ്ട്.<br><br>കുളത്തൂപ്പുഴ, എം.ആർ.എസ്.<br><br>സ്കൂൾ, കാന്റീൻ, ഹോസ്റ്റൽ ബിൽഡിംഗ് സ്ട്രക്ചറുകൾ പൂർത്തിയായി. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ടി നിർമ്മാണ പ്രവൃത്തികൾക്കായി നാളിതുവരെ 3,08,45,804/- രൂപ ചിലവഴിച്ചിട്ടുണ്ട്. |
| (സി) | പട്ടികജാതി വകുപ്പിന്റെ ബജറ്റ് വിഹിതമായ 4225-01-277-93 ഹെഡ്ഡിലുള്ള തുക പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറുടെ പേരിലാകാനുള്ള കാരണം എന്താണ്; ഈ തുക പട്ടികജാതി വകുപ്പിന്റെ ടി.എസ്.ബി. അക്കൗണ്ടിലേക്ക് യഥാസമയം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | പട്ടികജാതി വകുപ്പിന്റെ ബജറ്റ് വിഹിതമായ 4225-01-277-93 ഹെഡ്ഡിലുള്ള തുക പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറുടെ പേരിലായിരിക്കുന്നത് സർക്കാർ തീരുമാനപ്രകാരമാണ്. ഈ തുക പട്ടികജാതി വികസന വകുപ്പിന്റെ ടി.എസ്.ബി. അക്കൗണ്ടിലേക്ക് യഥാസമയം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ